# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 14-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ 30)

181. ടൂറിസം വികസനത്തിന് അനുസൃതമായ മാനവശേഷി വികസിപ്പിക്കൽ
182. തെങ്ങ് ചെത്ത്
183. ഫയർ ആന്റ് റെസ്ക്യു മേഖലയിലെ തൊഴിൽ സാദ്ധ്യത
184. കേന്ദ്രഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി
185. തോട്ടം മേഖലയിൽ ശമ്പള പരിഷ്ക്കരണം
186. കമ്മ്യൂണിറ്റി പോലീസ് സംവിധാനം
187. കേരള സംസ്ഥാന ഗതാഗത പദ്ധതിയിലെ ക്രമക്കേടുകൾ
188. തലസ്ഥാന നഗരത്തിന്റെ റോഡ് വികസന പദ്ധതി
189. ഇ.എസ്.ഐ. പദ്ധതി
190. കെ.എസ്.ടി.പി.രണ്ടാം ഘട്ട പദ്ധതി
191. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണക്ക് പകരം ഗ്യാസ് കിറ്റ്
192. പരോൾ
193. നാഷണൽ ഹൈവെയിൽ ബൈപാസുകളുടെ നിർമ്മാണം
194. ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ജനകീയ കമ്മിറ്റികൾ
195. ഐ.ടി.ടൂറിസം മേഖലകളെ ബന്ദ്/ഹർത്താൽ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി
196. കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി
197. പോലീസുകാരുടെ ആരോഗ്യ പരിപാലനം
198. പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി
199. ഗ്യാരന്റി പിരീഡിനുള്ളിൽ കേടു വന്ന പാലങ്ങൾ
200. തൊഴിലാളികളുടെ പി.എഫ്. വിഹിതം
201. ഹെൽത്ത് ടൂറിസം
202. തൊഴിൽനയം
203. റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത പണികൾ
204. ആനകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
205. ജയിൽ വാർഡൻമാർ കൈക്കൂലി വാങ്ങിയ സംഭവങ്ങൾ
206. പോലീസിനെ ജനകീയമാക്കാൻ നടപടി
207. സ്ത്രീ തൊഴിലാളി ക്ഷേമ പരിപാടികൾ
208. പി.ഡബ്ല്യു.ഡി റോഡുകളുടെ അറ്റകുറ്റപണികൾ
209. സാംസ്കാരിക ടൂറിസം
210. ബിനാമി ഭൂമി ഇടപാടുകൾ തടയുന്നതിന് നടപടി

## ടൂറിസം വികസനത്തിന് അനുസൃതമായ മാനവശേഷി വികസിപ്പിക്കൽ

*181 ശ്രീ.കെ.വി.അബ്ദുൾ ഖാദർ
″ കെ.കെ. ദിവാകരൻ
″ കെ. ടി. ജലീൽ
″ കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം വികസനത്തിന് അനുസൃതമായി മാനവശേഷി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച പദ്ധതികൾ ഏതെല്ലാം;

(സി) ഈ പദ്ധതികളിലൂടെ ഏതെല്ലാം കോഴ്സുകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിൽ കേന്ദ്ര സർക്കാർ ഇതിനകം പരിഗണിച്ചിട്ടുള്ളവ ഏതെല്ലാം ;

(ഇ) ഇത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച ഏതെങ്കിലും പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ടൂറിസം വികസനത്തിന് അനുസൃതമായി മാനവശേഷി വികസിപ്പിക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴി നിരവധി ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നു. സംസ്ഥാനത്തിനും രാജ്യത്തിനും ആവശ്യമായ ഗുണമേന്മയുള്ള മാനവശേഷി ഈ മേഖലയിൽ വികസിപ്പിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ സ്ഥാപനങ്ങളെയും സ്വകാര്യ മേഖല യിലെ നിലവാരമുള്ള സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ടൂറിസം വകുപ്പിന് പരിപാടിയുണ്ട്.

(ബി) കോഴിക്കോട് ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി, സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ 12 പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, എന്നിവയാണ് കേന്ദ്ര സർക്കാർ മുൻപാകെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(സി) ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലുള്ള മാസ്റ്റേഴ്സ് ഡിഗ്രിയും, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജ് സർവ്വീസ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ തുടങ്ങിയ കോഴ്സുകളുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) സമർപ്പിച്ച പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) ഇല്ല.

## തെങ്ങ് ചെത്ത്

*182 ശ്രീ. എൻ. രാജൻ
ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീ.എൻ. അനിരുദ്ധൻ
ശ്രീ. ബാബു പോൾ
ശ്രീ. എ. കെ. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് തെങ്ങ് ചെത്ത് നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ഈ നിരോധനത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) ഏറ്റവും നല്ല കള്ള് ലഭിച്ചിരുന്ന അട്ടപ്പാടി മേഖലയിൽ തെങ്ങ് ചെത്ത് നിറുത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) തെങ്ങ് ചെത്താനുള്ള അവകാശം നാളികേര കർഷകർക്കു വിട്ടുകൊടുക്കാൻ അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തു ഗുണനിലവാരമുള്ള തെങ്ങിൻ കള്ള് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) നിരോധിച്ചിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ തെങ്ങ് ചെത്തുവാൻ അനുവദിക്കാതിരിക്കുകയാണ്.

(ബി) സർക്കാരിന്റെ 10/2/1995 ലെ ഉത്തരവ് ജി. ഒ. (എം. എസ്) 27/95/നി. വകുപ്പ് പ്രകാരം 1/4/1995 മുതൽ അട്ടപ്പാടി മേഖലയിലെ മദ്യഷാപ്പുകൾ നിറുത്തലാക്കുകയുണ്ടായി. എന്നാൽ ഈ മേഖല മദ്യനിരോധന മേഖലയായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ഇവിടെ നിന്നും തെങ്ങ് ചെത്തി കള്ള് ഉല്പാദനം നടത്തി മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് 2002 മാർച്ച് 31 വരെ പെർമിറ്റ് നൽകിയിരുന്നു. 1/4/2002 മുതൽ പെർമിറ്റ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ പരിശോധിച്ചു ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(സി) ശുദ്ധമായ മധുരക്കള്ള് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തൊഴിലാളികളുടെ സഹകരണസംഘങ്ങൾ ഇപ്രകാരം മധുരക്കള്ള് ഉല്പാദിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഫയർ ആന്റ് റെസ്ക്യു മേഖലയിലെ തൊഴിൽ സാദ്ധ്യത

*183 ശ്രീ. സി.എം.ദിനേശ് മണി
„ എ.പ്രദീപ് കുമാർ
„ മഞ്ഞളാംകുഴി അലി
„ എം.ഹംസ
„ ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യു മേഖലയിൽ നിന്നു നിരവധി ഫയർമാന്മാർ ജോലി തേടി വിദേശത്തേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തൊഴിൽ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിദേശ തൊഴിൽ സാധ്യത ലക്ഷ്യമാക്കി സർക്കാർ എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ;

(ഡി) വിയ്യൂർ ഫയർ അക്കാദമിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിയ്ക്കാൻ കഴിയും ;

(ഇ) എത്ര പേർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനമാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത് ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കേരളത്തിൽ പരിശീലനം സിദ്ധിച്ച ഫയർമാൻമാരുടെ മതിയായ ലഭ്യത ഉറപ്പുവരുത്തിയ ശേഷം വിദേശത്ത് തൊഴിൽ തേടി പോകുന്ന ഫയർമാൻമാർക്ക് കഴിയുന്നത്ര പ്രയോജനം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഈ വകുപ്പിലെ ജീവനക്കാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതോടൊപ്പം അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അഗ്നിശമന പ്രവർത്തനങ്ങൾ സംബന്ധിച്ച ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആവശ്യമെങ്കിൽ ഇതിനായി ഒരു പ്രത്യേക പരിശീലന സ്ഥാപനം തുടങ്ങുന്ന കാര്യവും ആലോചിക്കുന്നുണ്ട്.

(ഡി) വിയ്യൂർ ട്രെയിനിംഗ് അക്കാഡമിയ്ക്കായി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും വേഗം ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

(ഇ) ഒരേ സമയത്ത് 200 പേർക്ക് ട്രെയിനിംഗ് നൽകാനുള്ള സൗകര്യം ഇവിടെ ഒരുക്കിവരുന്നു.

## കേന്ദ്രഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി

*184 ശ്രീ. അടൂർ പ്രകാശ്
,, എ.പി.അനിൽകുമാർ
,, കെ.സി.വേണുഗോപാൽ
,, ടി.എൻ.പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കേന്ദ്ര ഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് എപ്രകാരമാണ് എന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് നിർബന്ധ പിരിവു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കുമോ ?

**ഉത്തരം: ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെ ഭവന നിർമ്മാണ പദ്ധതി വയനാട് ഒഴികെ കേരളത്തിലെ 13 ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) അർഹതപ്പെട്ടവരുടെ പട്ടികയിൽനിന്നും 90% ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല ബനിഫിഷ്യറി കമ്മിറ്റിയും ബാക്കി 10% ഗുണഭോക്താക്കളെ സർക്കാരുമാണ് തെരഞ്ഞെടുക്കുന്നത്.

(സി) ഇല്ല.

## തോട്ടം മേഖലയിൽ ശമ്പള പരിഷ്ക്കരണം

*185 ശ്രീ. കെ.അജിത്
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ പള്ളിപ്രം ബാലൻ
,, ബാബു പോൾ
,, കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് പുതിയ കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ പുതിയ കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തോട്ടം മേഖലകളിൽ ഈ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്; ഈ പരിഷ്ക്കരണത്തിനു മുൻകാല പ്രാബല്യമുണ്ടോ;

(സി) പുതിയ പരിഷ്ക്കരണത്തിലൂടെ തോട്ടം തൊഴിലാളികൾക്കു ലഭിക്കുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

### ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ
### (തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) തോട്ടം മേഖലയിൽ തേയില വ്യവസായത്തിൽ മിനിമം വേതനം നടപ്പാക്കുന്നതു സംബന്ധിച്ച് 21.2.07 ൽ ഒരു സെറ്റിൽമെന്റ് ഉണ്ടായിട്ടുണ്ട്. ഈ ഉടമ്പടി അനുസരിച്ച് 18.2.2006 ലെ മിനിമം വേതന വിജ്ഞാപന പ്രകാരമുള്ള 40 രൂപ 28 പൈസ അടിസ്ഥാന വേതനവും 49 രൂപ 50 പൈസ ഡി. എ.യും ലഭിക്കുന്നതാണ്. (1.4.2002 ൽ തടഞ്ഞുവച്ച ക്ഷാമബത്ത 6.06 രൂപ 49.50 ക. യിൽ ഉൾപ്പെടുകയില്ല) കൂടാതെ തേയില വ്യവസായത്തിലെ ഉല്പാദനക്ഷമത, സ്റ്റാന്റേർഡ് ഔട്ട്പുട്ട് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അഡീഷണൽ ലേബർകമ്മീഷണർ ചെയർമാനായും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് കൺവീനറായും തൊഴിലാളി - തൊഴിലുടമാ പ്രതിനിധികൾ 5 പേർ വീതം ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുമ്ണ്ട്. 31.5.07 ന് മുമ്പ് ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. Withheld ചെയ്ത 6.06 രൂപ നൽകുന്ന പ്രശ്നവും ഈ കമ്മിറ്റിയുടെ പരിഗണനയ്ക്കു വിധേയമായിരിക്കും.

റബ്ബർ തോട്ടം മേഖലയിൽ മിനിമം വേതനം നടപ്പാക്കുന്നതു സംബന്ധിച്ച് 23.6.06 ൽ ഒരു സെറ്റിൽമെന്റ് ഉണ്ടായിട്ടുണ്ട്. ഈ ഉടമ്പടി അനുസരിച്ച് 18.2.06 ലെ മിനിമം വേതന വിജ്ഞാപനപ്രകാരം പുതിയ കൂലി നിരക്ക് ഉടനെ നടപ്പിലാക്കു ന്നതിനും 1.4.02 മുതലുള്ള കുടിശ്ശികയുടെ 50%ത്തിന് തത്തുല്യമായ തുക രണ്ടാഴ്ച യ്ക്കകം നൽകാമെന്നും മാനേജ്മെന്റ് സമ്മതിച്ചതിൻപ്രകാരം യൂണിയനുകൾ സമരം പിൻവലിക്കാൻ തീരുമാനിച്ചു. ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതി നായി തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പിന്നീട് ചർച്ചകൾ നടത്തുവാനും തീരുമാനിച്ചു.

(ബി) റബ്ബർ, തേയില, ഏലം, കാപ്പി മേഖലകളിൽ മിനിമം വേതന വിജ്ഞാപനം നടപ്പിൽ വന്നിട്ടുണ്ട്. വിജ്ഞാപനം അനുസരിച്ചുള്ള മുൻകാല പ്രാബല്യമുണ്ട്.

(സി) മേൽപ്പറഞ്ഞ നേട്ടങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്.

## കമ്മ്യൂണിറ്റി പോലീസ് സംവിധാനം

*186 ശ്രീ. രാജു എബ്രഹാം
,, വി. എൻ. വാസവൻ
,, വി. ജെ. തങ്കപ്പൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസ് സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംസ്ഥാനത്താകെ എന്നത്തേയ്ക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) കമ്മ്യൂണിറ്റി പോലീസ് സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കമ്മ്യൂണിറ്റി പോലീസ് സംവിധാനം വിവിധ ജില്ലകളിൽ വിവിധ സമ്പ്രദായത്തിലാണ് കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബഹു. ജസ്റ്റീസ്. കെ. ടി. തോമസ് കമ്മീഷന്റെ ശുപാർശയുടെ വെളിച്ചത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് സംസ്ഥാന വ്യാപകമായി ഒരു ഏകീകൃത സ്വഭാവം നൽകേണ്ടതുണ്ട് എന്നു കണ്ടതിനാൽ ഇതേക്കുറിച്ച് വിശദമായി പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ശ്രീമതി. ബി. സന്ധ്യ, ഐ. പി. എസിനെ (ഐ. ജി. പി. എ. പി. ബറ്റാലിയൻ) പ്രത്യേകം ചുമതലപ്പെടുത്തുകയുണ്ടായി. ശ്രീമതി. സന്ധ്യ വിശദമായ ഒരു റിപ്പോർട്ട് അടുത്ത കാലത്ത് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചുവരുന്നു.

(സി) ഈ സംവിധാനം മേൽ പറഞ്ഞിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചശേഷം നടപ്പിലാക്കുന്നതാണ്.

(ഡി) കാലതാമസം കൂടാതെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കേരള സംസ്ഥാന ഗതാഗത പദ്ധതിയിലെ ക്രമക്കേടുകൾ

*187 ശ്രീ. എം.ജെ. ജേക്കബ്
,, സാജുപോൾ
,, കെ. സി. രാജഗോപാലൻ
,, സി.കെ. പി. പത്മനാഭൻ
,, എം. പ്രകാശൻ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് വായ്പ ഉപയോഗിച്ചുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതി സംബന്ധിച്ച് എന്തെല്ലാം ക്രമക്കേടുകളാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളത്;

(സി) മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി നടത്തിപ്പിനെക്കുറിച്ച് ഉയർന്ന ആക്ഷേപങ്ങൾ തള്ളിയതുൾപ്പെടെയുള്ള വിഷയങ്ങൾ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ;

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) ലോകബാങ്ക് വായ്പ ഉപയോഗിച്ചുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയെപ്പറ്റി 22.12.2006 ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 69/06/ പൊ. മ. വ. പ്രകാരം വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) & (സി) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ വന്ന വീഴ്ചകളെപ്പറ്റി ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ നടന്നിട്ടുള്ള വീഴ്ചകളും ക്രമക്കേടുകളും എന്തെല്ലാമാണെന്ന് അറിയുന്നതിന് സാധിക്കുകയുള്ളൂ.

## തലസ്ഥാന നഗരത്തിന്റെ റോഡ് വികസന പദ്ധതി

*188 ശ്രീ. എൻ. ശക്തൻ
,, എ. പി. അനിൽകുമാർ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിന്റെ റോഡ് വികസന പദ്ധതിയുടെ പണി പൂർത്തിയായോ; ഇല്ലാത്ത പക്ഷം എത്ര ശതമാനം പണി പൂർത്തിയായി;

(ബി) ഇതിന്റെ പണി സംബന്ധിച്ച കരാർ കാലാവധി കഴിഞ്ഞോ; കാലാവധി നീട്ടിക്കൊടുക്കുന്നുണ്ടോ;

(സി) ബാക്കി പണിയ്ക്ക് പുതിയ കരാറുണ്ടാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) പഴയ കരാർ നീട്ടിക്കൊടുക്കാതെ പുതിയ കരാറുണ്ടാക്കുന്നതിനുള്ള കാരണങ്ങൾ എന്തെന്നു പറയുമോ;

(ഇ) പുതിയ കരാറിലേർപ്പെടുന്നത് സർക്കാരിന് നഷ്ടമുണ്ടാകാനിടവരുത്തുമോ ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) തലസ്ഥാന മേഖലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് ആന്വറ്റി അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന റോഡു പദ്ധതി പൂർത്തിയായിട്ടില്ല. ഏകദേശം 35% പണികൾ പൂർത്തിയായിട്ടുണ്ട്.

(ബി) & (സി) കരാറിന്റെ കാലാവധി 2006 നവംബർ 16-ാം തീയതി തീർന്നു. കരാർ കാലാവധി വ്യവസ്ഥയോടെ നീട്ടിക്കൊടുത്തിട്ടുണ്ട്. കൂടുതൽ ചർച്ചകൾ നടന്നുവരുന്നു.

(ഡി) കരാർ വ്യവസ്ഥകളോടെ നീട്ടിക്കൊടുത്തിട്ടുണ്ട്. കരാർ വ്യവസ്ഥയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുകൊണ്ട് പുതിയ കരാർ വേണ്ടിവരും.

(ഇ) ഇപ്പോൾ ഇതേപ്പറ്റി പറയാൻ നിർവ്വാഹമില്ല.

## ഇ.എസ്.ഐ. പദ്ധതി

*189 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. അൽഫോൺസ് കണ്ണന്താനം
'' കെ.കെ. ദിവാകരൻ
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂൾ അദ്ധ്യാപകരെക്കൂടി ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) എത്ര രൂപ വരെ പ്രതിമാസ ശമ്പളമുള്ളവരാണ് ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നത് ; ഈ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇന്റൻഷൻ നോട്ടിഫിക്കേഷൻ കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 10,000/- രൂപ വരെ പ്രതിമാസ ശമ്പളമുള്ളവരാണ് ഇ. എസ്. ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഈ പരിധി 1.10.2006 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇനിയും പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് ഇ. എസ്. ഐ. കോർപ്പറേഷനാണ്.

## കെ.എസ്.ടി.പി.രണ്ടാം ഘട്ട പദ്ധതി

*190 ശ്രീ.കെ.സി.വേണുഗോപാൽ
,, വി.ഡി.സതീശൻ
,, കെ.ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. രണ്ടാം ഘട്ടപദ്ധതിയിൽ ഏതെല്ലാം വർക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഈ പദ്ധതികൾക്കുവേണ്ടി ടെൻഡർ വിളിച്ചു കഴിഞ്ഞോ;

(ബി) എങ്കിൽ ആരെല്ലാം ക്വട്ടേഷൻ നൽകി ; അത് അംഗീകരിക്കാത്തപക്ഷം അതിനുള്ള കാരണമെന്ത് ;

(സി) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ പണി ആരംഭിക്കേണ്ട അവസാന തീയതി ഏതാണ് ;

(ഡി) ആ തീയതിക്കുമുൻപ് പണിയാരംഭിക്കുവാൻ കഴിയാത്തപക്ഷം ലോക ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമായി വരുമോ ;

(ഇ) എങ്കിൽ ഇത് നേടാൻ എന്ത് നടപടിയെടുത്തു ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) കെ. എസ്. ടി. പി. യുടെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 327 കി.മീ. റോഡിന്റെ അപ്ഗ്രഡേഷൻ പണികളാണ് വിഭാവന ചെയ്തിട്ടുള്ളത്. വർക്കുകളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. ടെന്റർ വിളിച്ചുവെങ്കിലും അതിന് അംഗീകാരം നൽകിയിട്ടില്ല.

(ബി) ആദ്യം ടെൻഡർ ചെയ്തപ്പോൾ ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ലോക ബാങ്ക് അംഗീകാരം നൽകിയില്ല. രണ്ടാം പ്രാവശ്യം ടെൻഡർ ചെയ്തപ്പോൾ വളരെ ഉയർന്ന നിരക്കുകളാണ് ക്വാട്ട് ചെയ്തത്. കൂടാതെ മത്സര സ്വഭാവമുള്ള ടെൻഡറുകളും ലഭിച്ചില്ല. അതിനാൽ ഈ ടെൻഡറുകൾക്ക് അംഗീകാരം നൽകിയില്ല. ക്വട്ടേഷൻ നൽകിയവരുടെ ലിസ്റ്റ് അനുബന്ധം 2-ൽ നല്കിയിട്ടുണ്ട്.

(സി) പണി ആരംഭിക്കേണ്ട തീയതി ജനുവരി 2006 ആയിരുന്നു.

(ഡി) & (ഇ) നിർദ്ദിഷ്ട സമയത്ത് പണി ആരംഭിക്കാൻ സാധിക്കാത്തതിനാൽ ലോക ബാങ്കിന്റെ പ്രത്യേക അനുമതി വേണം. ലോക ബാങ്ക് കാലാവധി നീട്ടിത്തരാൻ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്.

അനുബന്ധം-1

കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ 327 കി.മി. റോഡിന്റെ അപ്ഗ്രഡേഷൻ പണികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യം ടെൻഡർ ചെയ്ത പണികളുടെ വിവരം താഴെക്കൊടുക്കുന്നു.

| Package Name | Name of Road | Length (km) |
|---|---|---|
| Package 5<br>1 | Pilathara-Pappinissery | 21.00 |
| 2 | Kasargode-Kanhangad | 28.07 |
| 3 | Thalassery-Valavupara | 53.80 |
| Package 6<br>4 | Chengannoor-Ettumanoor | 47.00 |
| 5<br>Package 7 | Ettumanoor-Muvattupuzha | 43.00 |
| 6 | Punalur-Ponkunnam | 81.00 |
| 7 | Ponkunnam-Thodupuzha | 50.30 |

രണ്ടാം പ്രാവശ്യം ടെൻഡർ ചെയ്ത പണികളുടെ വിവരം

| Repackaging Name | Name of Road | Section length in kms |
|---|---|---|
| KSTP-V-A | Kasargod-Kanhangad | 27.780 |
| | Pilathara-Pappinissery | 20.906 |
| KSTP-V-B | Thalassery-Valavupara | 53.442 |
| | Thaliparamba-Iritty | 4.500 |
| KSTP-VI-A | Chengannur-Perumbaikadu (Including Tiruvalla Bypass 2.290 kms) | 40.795 |
| KSTP-VI-B | Perumbaikadu-Muvattupuzha | 47.783 |
| KSTP-VII-A | Punalur-Ranny | 51.558 |
| KSTP-VII-B | Ranny-Chethakal | 9.140 |
| | Chethakkal-Ponkunnam Elikulam/Elamkulam | 34.514 |
| KSTP-VII-C | Elikulam/Elamkulam-Thodupuzha Including Pala (1.08 kms) and Thodupuzha (2.65 kms) Bypasses | 36.613 |

അനുബന്ധം. 2

No. PWD/KSTP/PHT/ 25/98/LA-5902*190

Date : March 8, 2007

ഫേസ് II അപ്ഗ്രഡേഷൻ ആദ്യപ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ (2004) ക്വാട്ട് ചെയ്ത കോൺട്രാക്ടർമാരുടെ വിവരങ്ങൾ

| | |
|---|---|
| Package V: Upgradation of | Thalassery-Valavupara, Pilathara-Pappinssery including 350m long 2 RoBs |
| Names of contractors quoted: | 1) GAMMON-PROGRESSIVE JV<br>2) SKANSKA<br>3) OSE - KMC JV<br>4) ROAD BUILDERS (M) SDN. BHD. |
| Package VI: Upgradation of | Chengannoor-Ettumanoor, Ettumanoor-Muvattupuzha, Thiruvalla Bypass |
| Names of contractors quoted: | 1) TRANSTROY<br>2) L&T<br>3) GAMMON-PROGRESSIVE JV<br>4) ROAD BUILDERS (M) SDN. BHD. |
| Package VII: Upgradation of | Punalur-Ponkunnam, Ponkunnam-Thodupuzha, Pala Bypass, Thodupuzha Bypass |
| Names of contractors quoted: | 1) OSE - KMC JV<br>2) L&T<br>3) TRANSTROY<br>4) ROAD BUILDERS (M) SDN. BHD. |

S.O

No. PWD/KSTP/PMT/ 25/98/LA-5902*190 Date : March 8, 2007

ഫേസ് II അപ്ഗ്രഡേഷൻ രണ്ടാംപ്രാവശ്യം ടെൻഡർ ചെയ്തപ്പോൾ (2006) ക്വോട്ട് ചെയ്ത കോൺട്രാക്ടർമാരുടെ വിവരങ്ങൾ

Package V A: Upgradation of Kasaragod-Kanhangad, Pilathara-Pappinssery
Names of contractors quoted- M/s. CONSENT / Back Bone JV

Package V B: Upgradation of Thalassery-Valavupara, Thalipparamba-Iritty
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. Sree Dhanya - HCM JV

Package VI A: Upgradation of Chengannoor-Perumbaikkadu (including Thiruvalla Bypass)
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. Mythas Infra Pvt. Ltd.

Package VI B: Upgradation of Perumbaikkadu-Muvattupuzha
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. EPI Engineering Projects

Package VII A: Upgradation of Punalur-Ranni
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. Sree Dhanya - HCM JV
3) M/s. JMC Projects
4) M/s. Mythas Infra Pvt. Ltd.

Package VII B: Upgradation of Ranni-Chethakkal, Chethakkal-Poovarani
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. Sree Dhanya - HCM JV
3) M/s. JMC Projects
4) M/s. Mythas Infra Pvt. Ltd.

Package VII C: Upgradation of Poovarani-Vengallur (including Pala & Thodupuzha Bypass)
Names of contractors quoted:
1) M/s. Som Dutt Builders
2) M/s. JMC Projects
4) M/s. Mythas Infra Pvt. Ltd

SO

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണക്ക് പകരം ഗ്യാസ് കിറ്റ്

*191 ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. പി.ടി.എ. റഹീം
ശ്രീ. പി. വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഫീഷറീസവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണക്ക് പകരം ഗ്യാസ് കിറ്റ് നൽകുന്ന പദ്ധതി പരിഗണയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഗ്യാസ് കിറ്റിന് എന്തു തുക ചെലവു വരും എന്നും എന്തു തുക സബ്സിഡിയായി അനുവദിക്കും എന്ന് വെളിപ്പെടുത്താമോ;

(സി) ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുമോ ?

**ഉത്തരം: ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിന്റെ സിംഹഭാഗവും ഇന്ധന ആവശ്യത്തിനാണ് ചെലവിടുന്നത്. മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ ഇന്ധനച്ചെലവ് പകുതിയോളമായി കുറയ്ക്കാൻ കഴിയും. നിലവിലുള്ള ഔട്ട്ബോർഡ് മോട്ടോറിൽ എൽ.പി.ജി. കൺവേർഷൻ കിറ്റ് ഘടിപ്പിച്ചാൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ കഴിയും. ഇതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി മത്സ്യഫെഡ് ധാരണയിലെത്തുകയും എം.ഒ.യു. ഒപ്പിടുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഗ്യാസ് കിറ്റിന്റെ വില 9500 രൂപയും നിയമാനുസൃതമായ സെയിൽസ് ടാക്സുമാണ്. കിറ്റൊന്നിന് 4000 രൂപ സബ്സിഡി ആയി നൽകുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(സി) മത്സ്യഫെഡ് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ പ്രചാരത്തിൽ എത്തിക്കുന്നതിനായി ഒരു പദ്ധതി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. കിറ്റിനുവേണ്ടി വരുന്ന തുകയുടെ പകുതി തുക സബ്സിഡിയായി അനുവദിക്കണമെന്ന നിവേദനവും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

## പരോൾ

*192 ശ്രീ. കെ.കെ. ഷാജു
,, തോമസ് ചാണ്ടി
,, ശ്രീ. കെ. ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും ടൂറിസവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുകാർക്ക് പരോൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പരോൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒട്ടനവധി പേർക്ക് പരോൾ അനുവദിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ അധികാരികൾ 809 തടവുകാർക്ക് സാധാരണ അവധിയും 148 പേർക്ക് ഹോം ലീവും 99 പേർക്ക് അടിയന്തിര അവധിയും അനുവദിച്ചിട്ടുണ്ട്. അടിയന്തിര അവധികളിൽ ചിലത് സർക്കാർ തലത്തിൽ ദീർഘിപ്പിച്ച് അനുവദിച്ചിട്ടുണ്ട്.

(ബി) പരോൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) & (ഇ) ബാധകമല്ല.

## അനുബന്ധം

## കേരള ജയിൽ ചട്ടം 452 മുതൽ 466 വരെയുള്ള വ്യവസ്ഥകൾ

സാധാരണ അവധി, അടിയന്തിരാവധി, പരോൾ ലീവ്, എന്നിങ്ങനെ മൂന്നു വിധത്തിലുള്ള അവധികളാണ് തടവുകാർക്ക് നൽകിവരുന്നത്. കേരളാ ജയിൽ ചട്ടം 452 ബി പ്രകാരം ഒരു വർഷവും അതിനുമേലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും, ശിക്ഷയുടെ മൂന്നിലൊന്നോ, 2 വർഷമോ ഏതാണ് കുറവ് അത്രയും കാലം ശിക്ഷയനുഭവിച്ചിട്ടുള്ളവരും സത്സ്വഭാവികളുമായ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും ജില്ലാ പ്രൊബേഷൻ ആഫീസറുടെയും അനുകൂലമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 30 ദിവസം വരെയാണ് സാധാരണ അവധി അനുവദിക്കുന്നത്. ഒരിക്കൽ അവധികഴിഞ്ഞ് ജയിലിൽ പ്രവേശിപ്പിച്ച തീയതി മുതൽ 6 മാസം കഴിഞ്ഞാണ് അടുത്ത സാധാരണ അവധി അനുവദിക്കുന്നത്.

സ്ഥിരം കുറ്റവാളികൾ, ജയിൽഭേദനം, ജയിൽ ചാട്ടം, ജയിൽ ലഹള തുടങ്ങിയ ഗുരുതരമായ ജയിൽ അച്ചടക്കത്തിന് വിരുദ്ധമായ പ്രവർത്തികളിൽ ഏർപ്പെടുന്ന തടവുകാരും ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും പരോളിന് അർഹരല്ല. എന്നാൽ ജീവപര്യന്തം ശിക്ഷയോടൊപ്പം മേൽ

പറഞ്ഞ വകുപ്പുപ്രകാരം കൂടി ശിക്ഷയുള്ളവർ പ്രസ്തുത വകുപ്പ് പ്രകാരമുള്ള ശിക്ഷ കഴിഞ്ഞാൽ പരോളിന് അർഹതയുണ്ടായിരിക്കും. മാനസിക രോഗികളായവരും പകർച്ച വ്യാധി പിടിപെട്ടിട്ടുള്ള തടവുകാർക്കും ജയിൽ മെഡിക്കൽ ആഫീസറുടെ അഭിപ്രായത്തിനു വിധേയമായി മാത്രമേ പരോൾ അനുവദിക്കാറുള്ളൂ. കെ.പി.ആർ 452 ബി.

ബി,454, 455 പ്രകാരം.

ഉറ്റ ബന്ധുക്കളും, അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, മക്കൾ, ഭാര്യ, ഭർത്താവ് ഉൾക്കൊണ്ടതായ കുടുംബങ്ങളിൽ അംഗമായവർ എന്നിവരുടെ ഗുരുതരമായ രോഗാവസ്ഥയിലോ, മരണത്തിലോ മക്കളുടെ വിവാഹത്തിനോ പ്രകൃതി ക്ഷോഭം മൂലം വീട് ഭാഗികമായോ പൂർണ്ണമായോ നശിക്കുന്ന സാഹചര്യത്തിലോ അടിയന്തിരാവധി അനുവദിക്കാവുന്നതാണ്.

അടിയന്തിരാവധിക്കുള്ള അപേക്ഷയോടൊപ്പം അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളെ സംബന്ധിക്കുന്ന സ്ഥലം തഹസിൽദാരുടെയോ, മജിസ്ട്രേറ്റിന്റെയോ ഒരു സീനിയർ മെഡിക്കൽ ആഫീസറുടെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

കള്ളക്കടത്ത്, നിരോധന നിയമം വിദേശനാണയ വിനിമയ നിയന്ത്രണ നിയമം, ദേശ സുരക്ഷക്കെതിരായ കുറ്റകൃത്യം എന്നിവ പ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരും, ഒരിക്കൽ പരോളിൽ പോയി ഒളിവിൽ കഴിയുകയും പോലീസ് അറസ്റ്റുചെയ്തു തിരികെ ജയിലിൽ പ്രവേശിപ്പിക്കപ്പെട്ട തടവുകാരും പരോളിന് അർഹരല്ല. എന്നാൽ തടവുകാരന്റെ നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ കൃത്യസമയത്ത് ജയിലിൽ തിരികെ പ്രവേശിക്കാൻ സാധിക്കാതെ വന്നാൽ ടി തടവുകാരൻ ജയിലിൽ പ്രവേശിച്ച് ഒരു വർഷത്തിനുശേഷം പരോളിനുള്ള അപേക്ഷ പരിഗണിക്കാവുന്നതാണ്. എന്നാൽ അനധികൃതമായി വെളിയിൽ നിന്ന കാലയളവ് ഗവൺമെന്റ് പരിശോധിച്ച് ക്രമീകരിച്ചു നൽകിയാൽ ഈ നിബന്ധന ബാധകമല്ല.

അടിയന്തിരാവധിക്കുള്ള അപേക്ഷ ബന്ധപ്പെട്ട സൂപ്രണ്ടിനും, സാധാരണ അവധിക്കുമുള്ള അപേക്ഷ ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) നും സമർപ്പിക്കേണ്ടതാണ്.

കെ.പി.ആർ. 466 എ പ്രകാരം തുറന്നജയിലിൽ ഒരു വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ മൊത്തം 15 ദിവസമാണ് ഹോം ലീവ് അനുവദിക്കുന്നത്. ഹോം ലീവിൽ വിടുതൽ ചെയ്യുമ്പോൾ ഫാറം നമ്പർ 144 പ്രകാരമുള്ള ബോണ്ടിൽ തടവുകാരന്റെ ബന്ധുവോ, സുഹൃത്തോ സൂപ്രണ്ടു മുമ്പാകെ ഒപ്പിടേണ്ടതാണ്. സാധാരണ അവധിയും, ഹോം ലീവും ജയിൽ ഇൻസ്പെക്ടർ ജനറലാണ് അനുവദിച്ചുവരുന്നത്. അടിയന്തിരാവധി പരമാവധി 7 ദിവസം വരെ ജയിൽ സൂപ്രണ്ടിനും, 10 ദിവസം വരെ (സൂപ്രണ്ട് അനുവദിച്ച 7 ദിവസം ഉൾപ്പെടെ) ജയിൽ ഇൻസ്പെക്ടർ ജനറലിനും അനുവദിക്കാം. ചില നിബന്ധനകൾക്ക് വിധേയമായി പരോൾ വ്യവസ്ഥകളിൽ അയവുവരുത്തി പരമാവധി 15 ദിവസംവരെ ആഭ്യന്തരവകുപ്പ് സെക്രട്ടറിക്കും അതിനു തുടർച്ചയായി മൊത്തം 45 ദിവസം വരെ ആഭ്യന്തര മന്ത്രിക്കും അടിയന്തിരാവധി അനുവദിക്കാൻ അധികാരമുണ്ട്.

അവധി കഴിഞ്ഞ് തടവുകാരൻ കൃത്യമായി ജയിലിൽ പ്രവേശിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി 10,000/- രൂപാ വീതമുള്ള രണ്ട് ജാമ്യത്തോടുകൂടിയ ബോണ്ട് തടവുകാരനെ അവധിയിൽ വിടുന്നതിനുമുമ്പ് സൂപ്രണ്ട് മുൻപാകെ സമർപ്പിക്കേണ്ടതാണ്. എന്നാൽ ജീവപര്യന്തം തടവിനോ മൂന്നുവർഷമോ അതിൽ കൂടുതലോ ശിക്ഷിക്കപ്പെട്ടിട്ടുള്ള നല്ല സ്വഭാവികളായ തടവുകാർക്ക് അവരുടെ ശിക്ഷയുടെ നാലിലൊരു ഭാഗം ഇളവുകൂടാതെ അനുഭവിച്ചിട്ടുണ്ടെങ്കിൽ ഫാറം 144 പ്രകാരമുള്ള ബോണ്ട് തടവുകാരനും തടവുകാരന്റെ ഉറ്റ ബന്ധുവോ സുഹൃത്തോ സൂപ്രണ്ടു മുമ്പാകെ സമർപ്പിച്ചാൽ മതിയാകും.

## നാഷണൽ ഹൈവെയിൽ ബൈപാസുകളുടെ നിർമ്മാണം

*193 ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ എത്ര ബൈപാസുകളാണ് പണിതീർക്കാൻ ഉദ്ദേശിച്ചിരുന്നത് ;

(ബി) ഇതിൽ എത്രയെണ്ണം പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തു; അവ ഏതെല്ലാം;

(സി) ഏതെല്ലാം ബൈപാസുകളുടെ പണി നടന്നു കൊണ്ടിരിക്കുന്നു; ഇവയുടെ പണി പൂർത്തിയാക്കി ഓരോന്നും എപ്പോൾ ഗതാഗതത്തിന് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) 9 എണ്ണം

(ബി) ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല

(സി) കോഴിക്കോട്, ആലപ്പുഴ ബൈപ്പാസുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ആലപ്പുഴ ബൈപ്പാസ് 31.12.2007-ലും കോഴിക്കോട് ബൈപ്പാസ് നാലാം ഘട്ടം 28.2.2008-ലും പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ജനകീയ കമ്മിറ്റികൾ

*194 ശ്രീ. എം.എം. മോനായി
,, സി.കെ. പി. പത്മനാഭൻ
,, പി. ജയരാജൻ
,, കെ.വി.കുഞ്ഞിരാമൻ
,, ജോർജ്.എം. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലേയും പ്രധാന ക്രമസമാധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ജനപ്രതിനിധികളുടെ സഹായത്തോടെ പരിഹരിക്കാനും ഉതകുന്ന ജില്ലാ, സബ്-ഡിവിഷൻ തല ജനകീയ കമ്മിറ്റി സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എസ്. പി. തലത്തിലും ഡി.വൈ.എസ്.പി. തലത്തിലും രൂപികരിച്ചിട്ടുളള പ്രസ്തുത ജനകീയ കമ്മിറ്റികളുടെ ഘടന എങ്ങനെയാണ് ;

(സി) ഈ കമ്മിറ്റികൾ ഇതിനകം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് ;

(ഡി) കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) അർത്ഥപൂർണ്ണവും ക്രിയാത്മകവുമായ പ്രവർത്തനത്തിലൂടെ പോലീസിന്റെ സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനായി പൊതുജനങ്ങളുടെയും ജനപ്രതിനിധകളുടെയും സഹകരണത്തോടെ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി പോലീസിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന് ഓരോ ജില്ലയിലും കൺസൾട്ടേറ്റീവ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ജില്ലയിലെ എല്ലാ എം.പി.-മാരും എം.എൽ.എ.-മാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മുനിസിപ്പൽ ചെയർമാൻ/മേയർമാർ, ജില്ലയിലെ പോലീസ് സൂപ്രണ്ട്, ഡി.വൈ.എസ്.പി.-മാർ, സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവരാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ.

(സി) വിവിധ ജില്ലകളിലായി 36 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ഡി) ജില്ലാതല കൺസൾട്ടേറ്റീവ് കമ്മിറ്റികൾ കൂടുന്ന യോഗത്തെ സംബന്ധിച്ച മിനിട്ട്സ് പോലീസ് ഡയറക്ടർ ജനറൽ പരിശോധിച്ച് വിലയിരുത്തുന്നുണ്ട്. ജനപ്രതിനിധികളുടെ അസൗകര്യംമൂലം പല ജില്ലകളിലും പലപ്പോഴും പ്രസ്തുത മീറ്റിംഗുകൾ കൃത്യസമയത്ത് വേണ്ടത്ര ഫലപ്രദമായി ചേരാൻ കഴിയാറില്ല. എങ്കിലും മീറ്റിംഗുകൾ കൃത്യമായി ചേരണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഐ.ടി.ടൂറിസം മേഖലകളെ ബന്ദ്/ഹർത്താൽ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

*195 ശ്രീ. കെ.ബി.ഗണേഷ് കുമാർ
,, തോമസ് ചാണ്ടി
,, കെ.കെ.ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യർക്കും തൊഴിൽ രഹിതർക്കും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന ഐ.ടി., ടൂറിസം മേഖലകളെ ബന്ദ്/ഹർത്താൽ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ബി) ഹർത്താൽ/ബന്ദ് എന്നിവ മൂലം വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളും ഐ.ടി.മേഖലയിലെ പുതിയ സംരംഭകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) പരിശോധിച്ചുവരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ബാധകമല്ല

## കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി

*196 ശ്രീ. മുരളി പെരുനെല്ലി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീമതി ജെ. അരുന്ധതി
ശ്രീ. എം. പ്രകാശൻ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ വ്യകതമാക്കുമോ;

(ബി) കശുവണ്ടി ഫാക്ടറികൾ 12 മാസവും പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കശുവണ്ടി ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കശുവണ്ടി കൃഷിക്കും കശുവണ്ടി വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനും കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷം കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുളള കശുവണ്ടി ഫാക്ടറികളിൽ ഇതുവരെ എത്ര ദിവസത്തെ ജോലി നൽകാൻ കഴിഞ്ഞു?

### ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ
### (തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയും പ്രകാരമാണ്.

1. കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യതകൾ ഗവണ്മെന്റ് ഏറ്റെടുത്തതിന്റെ മൂന്നാമത്തെ ഗഡു നൽകുന്നതിനായി 22.32 കോടി രൂപ നൽകിയിട്ടുള്ളതാണ്.
2. കാപ്പക്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മാതൃകാ സ്ഥാപനമാക്കുന്നതിനുമുള്ള നടപടികൾ എടുത്തു വരുന്നു. പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്.
3. കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തന മൂലധനമായി 11 കോടി രൂപയും കാപ്പക്സിന്റെ പ്രവർത്തന മൂലധനമായി 4 കോടി രൂപയും 2006-2007-ൽ നൽകിയിട്ടുണ്ട്. ഇപ്രകാരം പ്രവർത്തനമൂലധനം ലഭ്യമാക്കി കശുവണ്ടിത്തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. കോർപ്പറേഷൻ ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് തൊഴിലാളികളുടെ പാരിറ്റി സംരക്ഷിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നീ സെക്ഷനുകളിലായി 1359 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.
5. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചട്ടുണ്ട്
6. കശുവണ്ടി വ്യവസായത്തിന്റെയും കശുമാവ് കൃഷിയുടെയും വികസനത്തിനുവേണ്ടി കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുള്ളതാണ്.

(ബി) ആഭ്യന്തരമായുള്ള തോട്ടണ്ടി ഉപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റെയും കശുവണ്ടി ഫാക്ടറികൾ 12 മാസവും പ്രവർത്തിപ്പിക്കുന്നതിന് കഴിയുകയില്ല. ഇതിനായി ഇറക്കുമതിയെയാണ് കൂടുതൽ ആശ്രയിക്കുന്നത്. കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും നടപടികൾ എടുക്കുന്നുണ്ട്.

(സി) കശുമാവ് കൃഷിക്ക് 120.09 കോടി രൂപ ചെലവ് വരുന്ന ഒരു പ്രൊപ്പോസലും കശുവണ്ടി വ്യവസായത്തിന്റെ പശ്ചാത്തല വികനസത്തിനും, കശുമാവ് കൃഷി വിപുലീകരിക്കുന്നതിനുമായി 250 കോടി രൂപയ്ക്കുള്ള ഒരു പ്രൊപ്പോസലും കശുവണ്ടി വികസന കോർപ്പറേഷനും, എൻ.സി.ഡി.സി.-യിൽനിന്നും 20 കോടി രൂപ ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് കാപ്പക്സും കേന്ദ്ര ഗവണ്മെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) കാഷ്യൂ കോർപ്പറേഷൻ ഇന്നേവരെ (2006-2007) 199 ദിവസവും കാപ്പെക്സ് 177 ദിവസവും തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

## പോലീസുകാരുടെ ആരോഗ്യ പരിപാലനം

*197 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ശശികുമാർ
,, കെ . ടി. ജലീൽ
,, മഞ്ഞളാംകുഴി അലി
,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ആരോഗ്യ പരിപാലനത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പോലീസ് സ്റ്റേഷനുകളിൽ പരേഡ് നടത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) പോലീസുകാരുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പ◌ാലാക്കുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) മെഡിക്കൽ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യസ്ഥിതി രണ്ടു വർഷത്തിലൊരിക്കൽ രേഖപ്പെടുത്തി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണ, ലഹരിമദ്യവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഡ്യൂട്ടിക്കിടയിൽ പരിക്കു പറ്റുന്ന പോലീസുകാർക്ക് സാർക്കാർ ചെലവിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നൽകുന്നതിനുപുറമേ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും നൽകി വരുന്നു. ഇതു കൂടാതെ മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ചൊവ്വ, വെള്ളി ദിവസങ്ങളിൽ പരേഡ് നടത്തി വരുന്നു.

(സി) നടപ്പിലാക്കി വരുന്നു.

## പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി

*198 ശ്രീ. ടി. പി. കുഞ്ഞുണ്ണി
,, പി. കൃഷ്ണപ്രസാദ്
,, സി. എച്ച്. കുഞ്ഞമ്പു
,, കെ. കുഞ്ഞിരാമൻ
,, കെ. സി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി നടപ്പിലാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി നടപ്പിലാക്കി;

(സി) കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് ഇത് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) പോലീസ് സേനാംഗങ്ങളിൽനിന്നും കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാതെതന്നെ ഈ നടപടി വിജയപ്രദമാക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ 17 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ എട്ടു മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം വിജയപ്രദമാകുകയാണെങ്കിൽ മറ്റു സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## ഗ്യാരന്റി പിരീഡിനുള്ളിൽ കേടു വന്ന പാലങ്ങൾ

*199 ശ്രീ. എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) പണി പൂർത്തീകരിച്ച് ഗ്യാരന്റി പിരീഡ് അവസാനിക്കുന്നതിന് മുമ്പ് എത്ര പാലങ്ങൾക്ക് കേട് സംഭവിച്ചിട്ടുണ്ട് ;

(ബി) ഗ്യാരന്റി പിരീഡ് അവസാനിക്കുന്നതിന് മുമ്പ് പാലങ്ങൾക്ക് കേടു സംഭവിച്ചാൽ കരാറുകാരൻ നന്നാക്കിത്തരണമെന്ന വ്യവസ്ഥ പൊതുമരാമത്ത് വകുപ്പിൽ പാലിക്കപ്പെടാറുണ്ടോ ;

(സി) എങ്കിൽ ഇതിനകം കേട് സംഭവിച്ച എത്ര പാലങ്ങൾ കരാറുകാരൻ നന്നാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) ഇല്ല

(ബി) ഉണ്ട്

(സി) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഏറ്റെടുത്ത് പണി ചെയ്തിരുന്ന പാലത്തിലെ ടാറിംഗിന് വന്ന കേടുപാടുകൾ കരാറുകാരിൽനിന്നും ഈടാക്കി റിപ്പയർ ചെയ്തിട്ടുണ്ട്.

## തൊഴിലാളികളുടെ പി.എഫ്. വിഹിതം

*200 ശ്രീ. കെ.കെ. ജയചന്ദ്രൻ
'' വി. ശിവൻകുട്ടി
'' എ.എം. യൂസഫ്
'' ആനത്തലവട്ടം ആനന്ദൻ
'' ബി. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമകൾ നൽകാനുള്ള പ്രോവിഡന്റ് ഫണ്ട് വിഹിതം പല സ്വകാര്യ കമ്പനികളും അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ തൊഴിലാളികളെ ഇ.പി.എഫ്. പദ്ധതിയിലേയ്ക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന പി.എഫ്. വിഹിതം പി. എഫ് ഫണ്ടിൽ നിക്ഷേപിക്കാത്ത തൊഴിലുടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിലെ 8 ബി മുതൽ 8 ജി വരെയുള്ള വകുപ്പുകൾ അനുസരിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണൽ നടപടി എടുത്തിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന പി.എഫ്. വിഹിതം പി.എഫ്. ഫണ്ടിൽ നിക്ഷേപിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തൊഴിലുടമകൾക്കെതിരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ നടപടികൾ സ്വീകരിക്കാറുണ്ട്.

## ഹെൽത്ത് ടൂറിസം

*201 ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
,, വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി
,, ആർ. സെൽവരാജ്
,, കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാന സർക്കാരിന്റെ ഹെൽത്ത് ടൂറിസം പദ്ധതി സംബന്ധിച്ച പ്രചരണങ്ങൾ നടത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഡി) മെഡിക്കൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് അക്രഡിറ്റേഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് മെഡിക്കൽ ടൂറിസം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹെൽത്ത് ടൂറിസം പാക്കേജുകൾ അടങ്ങിയിട്ടുള്ള ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർച്ചുമാസം കൊച്ചിയിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര മെഡിക്കൽ കോൺഫറൻസിൽ വകുപ്പ് പങ്കാളിയാകുന്നുണ്ട്. മെഡിക്കൽ ടൂറിസത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠിച്ചുവരികയാണ്.

(ബി) വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെയാണ് ഈ പദ്ധതിയുമായി ബന്ധപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) & (ഡി) പരിശോധിക്കുന്നതാണ്.

## തൊഴിൽനയം

*202 ശ്രീ. എം. ചന്ദ്രൻ
ശ്രീ. പി. ജയരാജൻ
ശ്രീ. എ.സി. മൊയ്തീൻ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു പ്രഖ്യാപിക്കുവാൻ കഴിയുമെന്നറിയിക്കാമോ;

(ബി) തൊഴിൽ മേഖല അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊഴിലാളികളുടെ സേവന വ്യവസ്ഥകളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അടഞ്ഞുകിടക്കുന്ന തൊഴിൽ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ഇ) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

**ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഇല്ല. തൊഴിൽനയം ഔപചാരികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഗവണ്മെന്റിന് സുവ്യക്തമായ ഒരു നയമുണ്ട്. അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വ്യാവസായിക പുരോഗതിയും തൊഴിലാളിക്ഷേമവും തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കിയുള്ള ഒരു സമഗ്ര തൊഴിൽ നയത്തിന് ഈ സർക്കാർ രൂപം നൽകി വരുന്നു.

(ബി) പരിശോധിച്ചിട്ടുണ്ട്. തൊഴിൽമേഖല പ്രകടമായി അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങളിൽ അതീവ ഗുരുതരമായിട്ടുള്ളത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങളും വ്യവസായ സ്ഥാപനങ്ങളും അവിടത്തെ തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങളുമാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തൊഴിൽ, വ്യവസായ വകുപ്പുകളുടെ സംയുക്ത അഭിമുഖ്യത്തിൽ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും കടക്കെണിയിലും, ബി.ഐ.എഫ്.ആറിന്റെ പരിഗണനയിലും പരിശോധനയിലും ഇരിക്കുന്നതിനാൽ നടപടികൾ പുരോഗമിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. എന്നിവയുടെ കുടിശ്ശികകൾക്ക് പുറമേ വൈദ്യുതി ചാർജ് സെയിൽസ് ടാക്സ് തുടങ്ങിയ മറ്റ് പലവിധ ബാദ്ധ്യതകളും നിലനിൽക്കുന്നതിനാൽ കെ.എസ്.ഐ.ഡി.സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇവ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) കേരളത്തിലെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുംവേണ്ടി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാൻമാരായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി മുഖാന്തിരം വിവിധ സമാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളഢിലെ തൊഴിലാളികളുടെ കുടുംബത്തിന് ഒരാഴ്ചത്തേയ്ക്ക് 5 കി. ഗ്രാം അരി വീതം സൗജന്യമായി നൽകി വരുന്നുണ്ട്.

തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി യൂണിഫോം, നോട്ട്ബുക്ക്, പുസ്തകങ്ങൾ, ബാഗ്, കുട തുടങ്ങിയ പഠനോപകരണങ്ങൾ നൽകി വരുന്നു.

ആരോഗ്യപരിപാലനത്തിനായി എസ്റ്റേറ്റ് ആശുപത്രികളും, മെഡിക്കൽ ക്യാമ്പും, മൊബൈൽ ക്ലിനിക്കും പ്രവർത്തിക്കുന്നു. ഇവയിൽ സൗജന്യമായി മരുന്നും നൽകി വരുന്നു.

തോട്ടം തൊഴിലാളികളുടെ ലയങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി 2000/- രൂപ വീതം 4500 തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

അവശ്യഘട്ടങ്ങളിൽ തോട്ടം മേഖലയിൽ കുടിവെള്ള വിതരണവും നടത്തി വരുന്നു.

പ്രതിസന്ധിമൂലം പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം നൽകിവരുന്നു. പ്രവർത്തനം നിലച്ചതും അല്ലാത്തതുമായ തേയില, കാപ്പി, ഏലം തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പഠനസാമഗ്രികളുടെ ചെലവ് എന്നിവ യഥാർത്ഥ രസീതിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. എല്ലാ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളും വ്യവസായ യൂണിറ്റുകളും 30.6.2007-നോ അതിന് മുമ്പായോ പുനരാരംഭിക്കുന്നവർക്ക് പൂട്ടിക്കിടക്കുന്ന കാലയളവിലേയ്ക്കുള്ള വൈദ്യുതിയുടെ മിനിമം ഡിമാന്റ് ചാർജ്ജസ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

2006-07-ലേയ്ക്ക് തോട്ടം മേഖലയിലെ പ്ലാന്റേഷൻ ടാക്സും, അഗ്രികൾച്ചർ ഇൻകം ടാക്സും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

## റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത പണികൾ

*203 ശ്രീ. പി. ജെ. ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ പണികൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) എത്രയെണ്ണം പൂർത്തിയായി; ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ എത്ര റെയിൽവേമേൽപ്പാലങ്ങളുടെ നിർമ്മാണം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്;

(സി) ഈ പണികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇതുവരെ 50 റെയിൽവേ മേൽപ്പാലങ്ങളുടെ പണികൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) & (സി) ഇതുവരെ 13 എണ്ണം പൂർത്തിയായി. നടപ്പുവർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.

അനുബന്ധം

| Name of ROB | LC No. | Amount included in Rly. budget in Lakhs |
|---|---|---|
| Vengali | 192 | 28 |
| Meenchantha | 177 | 27.5 |
| Chengattukavu | 199 | 32 |
| Chalakkudy | 48 | Amount sanctioned |
| Vengalam | 196 | 27.5 |
| Kallettumkara | 43 | Amount sanctioned |
| Muzhappilangad | 232 | 32 |
| Nandi Bazar | 206 | 27.5 |
| Koratty Angady | 54 | Amount sanctioned |
| Ponnurunni | 2 | 10 |
| Bakel | 276 | 21 |
| Athani | 13 | Amount sanctioned |
| Pulleppady-Tammanam | 73 | Amount sanctioned |
| Kunjippally | 217 | 27.5 |
| Kainatty Road | 216 | 27.5 |
| Kollandy | 201 | 21 |
| Devdhar | 172 | 30 |
| Thirunavaya | 170 | 20.5 |
| Mulamkunnathukavu Yard | 14 | 10 |
| Nandikkara | 31 | 10 |
| Aloor-Mala Road | 45 | 10 |

| | | |
|---|---|---|
| Vellanchira | 46 | 10 |
| Divine Nagar | 52 | 10 |
| Pullyanam Road | 59 | 10 |

| | | |
|---|---|---|
| Kanhangad Town | 274 | 30 |
| Cheruvathore (Padanna Road) | 268 | 21 |
| Canannore Town | 241 | 21 |
| Jaganatha Temple Gate | 226 | 21 |
| Tellicherry | 228 | 21 |
| Amalapuri-4th Gate | 185 | 20.5 |
| Trichur Town | 19 | 10 |
| Vaduthala | 59 | 10 |
| Pachalam | 71 | 10 |
| Atlantls-MG Road, Cochin | 761 | 10 |

## ആനകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

*204 ശ്രീ.ബാബു.എം.പാലിശ്ശേരി
,, വി.ശിവൻകുട്ടി
,, വി.ശശികുമാർ
,, കെ.സി.രാജഗോപാലൻ
,, മുരളി പെരുനെല്ലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉത്സവങ്ങൾക്കും പൂരങ്ങൾക്കും എഴുന്നെള്ളിക്കുന്ന ആനകൾക്ക് മദമിളകി അനിഷ്ട സംഭവങ്ങളും ജനങ്ങൾക്ക് ജീവഹാനിയും സംഭവിക്കുന്നത് വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എഴുന്നെള്ളിപ്പിനു മുൻപ് അതാത് പ്രദേശത്തെ വെറ്ററിനറി സർജൻമാരുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആനകൾക്ക് നിർബന്ധമാക്കാൻ കർശന നടപടി സ്വീകരിക്കുമോ;

(സി) ആനകളെ ക്രൂരമായി പിഡിപ്പിക്കുന്നതിന്റെ ഫലമായി ആനകൾ ആക്രമണം നടത്തുകയും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന കേസുകൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു

(സി) ഉണ്ട്

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു മുന്നോടിയായി ബന്ധപ്പെട്ടവരുടെ ഒരു യോഗം 6.3.2007-ൽ വിളിച്ചു ചേർത്തിരുന്നു.

## ജയിൽ വാർഡൻമാർ കൈക്കൂലി വാങ്ങിയ സംഭവങ്ങൾ

*205 ശ്രീ. പി.കെ. അബ്ദുറബ്ബ്
'' യു.സി. രാമൻ
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ജയിലുകളിൽ റിമാൻഡിൽ കഴിയുന്ന പ്രതികളിൽ നിന്നും ജയിൽ വാർഡൻമാർ കൈക്കൂലി വാങ്ങിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ല.ാം ;

(സി) നടപടിക്കു വിധേയരായ ഉദ്യോഗസ്ഥൻമാരുടെ ജോലിസ്ഥലവും പേരും വെളിപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ജയിൽ വാർഡർമാർ റിമാന്റ് പ്രതികളിൽനിന്ന് കൈക്കൂലി വാങ്ങിയ ഒരു സംഭവം തിരുവനന്തപുരം ജില്ലാ ജയിലിൽ ഉണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തുകയും പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട നാല് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും പത്ത് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥൻമാരുടെ ജോലിസ്ഥലവും പേരും ചുവടെ ചേർക്കുന്നു:-

<u>തിരുവനന്തപുരം ജില്ലാ ജയിലിൽനിന്ന് സസ്പെൻഷനിലായവർ:</u>

1. ശ്രീ. വേണുഗോപാലൻ നായർ, ഹെഡ് വാർഡർ.
2. ശ്രീ. രേണുകുമാർ, ഹെഡ് വാർഡർ.
3. ശ്രീ. ലോറൻസ്, ഹെഡ് വാർഡർ.
4. ശ്രീ. മണികണ്ഠൻ, വാർഡർ.

<u>തിരവനന്തപുരം ജില്ലാ ജയിലിൽനിന്ന് സ്ഥലംമാറ്റി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ</u>

1. ശ്രീ. എസ്. സന്തോഷ്, ഡെപ്യൂട്ടി ജയിലർ - സെൻട്രൽ ജയിൽ, തിരുവനന്തപുരം
2. ശ്രീ. ഭാസി നായർ, ഹെഡ് വാർഡർ - സെൻട്രൽ ജയിൽ, കണ്ണൂർ
3. ശ്രീ. പി. ശ്രീകുമാരൻ നായർ, ഹെഡ് വാർഡർ, സെൻട്രൽ ജയിൽ, കണ്ണൂർ
4. ശ്രീ. രഞ്ജിത് കുമാർ, വാർഡർ - സെൻട്രൽ ജയിൽ, കണ്ണൂർ
5. ശ്രീ. അജിത് കുമാർ, വർഡർ-- സെൻട്രൽ ജയിൽ, കണ്ണൂർ
6. ശ്രീ. മോഹൻദാസ്, വാർഡർ-- സെൻട്രൽ ജയിൽ, കണ്ണൂർ
7. ശ്രീ. യു. അജയകുമാർ, വാർഡർ-- സെൻട്രൽ ജയിൽ, കണ്ണൂർ
8. ശ്രീ. ബിജു കുമാർ, വാർഡർ-- സെൻട്രൽ ജയിൽ, കണ്ണൂർ
9. ശ്രീ. അനീഷ് എസ്.എൽ., വാർഡർ -- സെൻട്രൽ ജയിൽ, കണ്ണൂർ
10. ശ്രീ. അഭിലാഷ്, വാർഡർ-- സെൻട്രൽ ജയിൽ, കണ്ണൂർ

## പോലീസിനെ ജനകീയമാക്കാൻ നടപടി

*206 ശ്രീ. കെ.പി. മോഹനൻ
'' ജോസ് തെറ്റയിൽ
'' എം.കെ. പ്രേംനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ ജനകീയമാക്കാൻ എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം പോലീസും പൊതുജനങ്ങളും തമ്മിൽ സൗഹൃദബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാർത്ഥം ഭരണനവീകരണ പരിപാടി നടപ്പിലാക്കിയ 56 പോലീസ് സ്റ്റേഷനുകളിലും റൈഫിളേന്തിയ പാറാവ് ഡ്യൂട്ടിക്കാരനുപകരം പിസ്റ്റൾ ധരിച്ച സ്റ്റേഷൻ സെക്യൂരിറ്റി ഓഫീസർമാരെ നിയമിക്കുകയുണ്ടായി. ഇതുകൂടാതെ റിസപ്ഷൻ കൗണ്ടറുകൾ, സീനിയർ സിറ്റിസൺ സെൽ, വെബ് പോർട്ടൽ, പോലീസ് ഹെൽപ് ലൈൻ, പരാതി പരിഹാരസെൽ, സ്പന്ദനം, മൈത്രി, ഹൈവേ അലർട്ട്, റെയിൽവേ അലർട്ട്, ട്രാഫിക്/നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, ട്രാഫിക് ബോധവൽക്കരണം, കൺസൾട്ടേറ്റീവ് കമ്മിറ്റികൾ, ഫോണിലൂടെയുള്ള പരാതി പരിഹാരം, അദാലത്ത് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത നടപടികൾ എല്ലാ ജില്ലകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തി ഘട്ടംഘട്ടമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്ത്രീ തൊഴിലാളി ക്ഷേമ പരിപാടികൾ

*207 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ കൂടുതലായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) സ്ത്രീ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട് 1961-ലെ പ്രസവാനുകൂല്യ നിയമം, 1976-ലെ തുല്യവേതന നിയമം എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ, ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തൊഴിലിടങ്ങളിലെ ലൈംഗിക പീഢനം തടയുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തൽ മുതലായവ തൊഴിൽ വകുപ്പു മുഖേന നടപ്പിലാക്കി വരുന്നു. മറ്റ് തൊഴിൽ നിയമങ്ങളെല്ലാം തന്നെ സ്ത്രീ-പുരുഷ വ്യത്യാസം കണക്കിലെടുക്കാതെ തൊഴിലാളികൾക്ക് പൊതുവെ ബാധകമാകുന്ന രീതിയിലാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## പി.ഡബ്ല്യു.ഡി റോഡുകളുടെ അറ്റകുറ്റപണികൾ

*208 ശ്രീ. രാജാജി മാത്യു തോമസ്
,, എൻ. അനിരുദ്ധൻ
,, മാങ്കോട് രാധാകൃഷ്ണൻ
,, പള്ളിപ്രം ബാലൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ അറ്റകുറ്റപണികൾക്ക് ഈ വർഷം എത്ര തുക ചെലവഴിച്ചു;

(ബി) ഈ ഇനത്തിൽ കോൺട്രാക്ടർമാർക്ക് എത്ര കുടിശ്ശിക നൽകാനുണ്ട്;

(സി) അറ്റകുറ്റപണികൾ നടത്താത്തതുമൂലം പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായി തീർന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പരാതികൾ പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു ?

**ഉത്തരം: ശ്രീ. ടി.യു. കുരുവിള**
**(പൊതുമരാമത്ത് വകുപ്പു മന്ത്രി)**

(എ) പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയായ 315 കോടിക്ക് പുറമേ 25 കോടി രൂപ ശബരിമല റോഡുകൾക്ക് അനുവദിച്ച തുക ഉൾപ്പെടെ 340 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽനിന്നും ഈ വർഷം 18,47,518/- രൂപയും റോഡുകളും പാലങ്ങളും വിഭാഗത്തിൽനിന്നും 31.3.2006 വരെ 236.39 കോടി രൂപയും കുടിശ്ശികയായി നൽകാനുണ്ട്. കൂടാതെ റോഡുകളും പാലങ്ങളും വിഭാഗത്തിൽ ഈ വർഷം അറേഞ്ച് ചെയ്ത് പ്രവൃത്തികളുടെ 340 കോടി രൂപ കൂടി നൽകുവാനുണ്ട്.

(സി) ഉണ്ട്.

(ഡി) പരാതികൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ അനുമതിയുള്ള തുകയിൽ പരിമിതപ്പെടുത്തി പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സാംസ്കാരിക ടൂറിസം

*209 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി.ഡി. ദേവസ്സി
,, എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സാംസ്കാരിക ടൂറിസം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നമ്മുടെ കലാപൈതൃകവും സാംസ്കാരിക തനിമയും വെളിവാക്കുന്ന പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) സാംസ്ക്കാരിക ടൂറിസം വിപുലമാക്കുന്നതിന്റെ ആദ്യപടിയെന്നോണം ഈ രംഗത്തെ സാധ്യതകളെ സംബന്ധിച്ച് ആലോചിക്കുന്നതിന് 16.1.2007-ൽ സാംസ്ക്കാരിക-വിനോദസഞ്ചാര വകുപ്പുകൾ സംയുക്തമായി ഒരു യോഗം ചേരുകയും ചർച്ചകൾക്കൊടുവിൽ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു ഉന്നതാധികാര സമിതിയെ സർക്കാർ നി.യോഗി ക്കുകയും ചെയ്തിരിക്കുകയാണ്. ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ആവശ്യമായ നടപടികൾ സ്വീകിരക്കുന്നതാണ്. കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ രംഗങ്ങളിലുള്ള കലാകാരൻമാർക്ക് അവനരം ലഭിക്കുമാറ് ഒരു വർഷത്തേയ്ക്കുള്ള ഫെസ്റ്റിവൽ കലണ്ടറും ടൂറിസം വകുപ്പ് പുറത്തിറക്കും.

(സി) നമ്മുടെ കലാപൈതൃകവും സാംസ്ക്കാരിക തനിമയും വെളിവാക്കുന്ന പരിപാടികൾ ആയിരിക്കും പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.

## ബിനാമി ഭൂമി ഇടപാടുകൾ തടയുന്നതിന് നടപടി

*210 ശ്രീ. മോൻസ് ജോസഫ്
" വി.സുരേന്ദ്രൻ പിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിനാമി ഭൂമി ഇടപാടുകൾ തടയുന്നതിനായി കേന്ദ്ര രജിസ്ട്രേഷൻ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത മാറ്റങ്ങൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇക്കാര്യത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

**ഉത്തരം: ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ബിനാമി ഭൂമി ഇടപാടുകൾ തടയുന്നതിനായി 24.9.2001-ലെ ഇന്ത്യാ ഗസറ്റ് അസാധാരണം 2-ാം ഭാഗം 1-ാം വകുപ്പിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം 1908-ലെ രജിസ്ട്രേഷൻ നിയമം 32-ാം വകുപ്പിനുശേഷം 32-എ എന്നൊരു വകുപ്പ് കൂട്ടിച്ചേർത്ത് ആധാരം ശരിയായ രജിസ്ട്രേഷൻ ആഫീസിൽ ഹാജരാക്കുന്ന ഏതൊരാളും തന്റെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോഗ്രാഫും വിരലടയാളങ്ങളും ആധാരത്തിൽ പതിക്കേണ്ടതാണെന്നും സ്ഥാവര വസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനുവേണ്ടിയുള്ള ആധാരങ്ങളിൽ അപ്രകാരമുള്ള വസ്തു വാങ്ങുന്ന ആളായോ വിൽക്കുന്ന ആളായോ കാണിച്ചിട്ടുള്ള ഓരോ ആളുടെയും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോഗ്രാഫും വിരലടയാളങ്ങളും ആ ആധാരത്തിൽ പതിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മാറ്റങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. രജിസ്ട്രേഷൻ നിയമം 32-എ വകുപ്പ് നടപ്പാക്കുന്നതിനാവശ്യമായ ചട്ട ഭേദഗതി ക്കുള്ള നടപടികളാണ് നടന്നുവരുന്നത്. നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) പുതിയ സംവിധാനങ്ങൾ ആവശ്യമായി വരികയാണെങ്കിൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ജീവനക്കാർക്കുള്ള പരിശീലനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.